01/12/21

16/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP No. 690(6)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.14475/എസ്.ഐ.സി-ജി 5/2020**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ജോയ് അനിയൻ,<br>കൈരളി,<br>തച്ചൂർക്കുന്ന്,<br>അവനവഞ്ചേരി പി.ഒ,<br>ആറ്റിങ്ങൽ. | പരാതി ഹർജിക്കാരൻ |

Vs.

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഹെഡ്മിസ്ട്രസ്സ്,<br>ഗവ. എൽ.പി.എസ്. പരവൂർക്കോണം,<br>അവനവഞ്ചേരി പി.ഒ -695 103 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10/08/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 14/12/2020 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 15/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 13/01/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 08/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ജോയ് അനിയൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി തെറ്റായ മറുപടിയും വ്യാജരേഖകളുമാണ് നൽകിയതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 10.08.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) പരവൂർക്കോണം ഗവ.എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ ആധാരം എതിർകക്ഷി ഓഫീസിലുണ്ടോ എന്നും ഉണ്ടെങ്കിൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുന്നതിനും

2) ടി വസ്തുവിന്റെ അതിർത്തികൾ സർവെകല്ലിട്ട് നിർണ്ണയിച്ചിട്ടുണ്ടോ എന്നും

3) സ്കൂൾ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ വടക്കു ഭാഗത്ത് നിർമ്മിക്കാൻ തുടങ്ങിയ മതിലിന്റെ നിർമ്മാണം നിർത്തിവയ്ക്കാൻ എന്താണ് കാരണം എന്നിങ്ങനെ 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരന്റെ 10.08.2020 ലെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 09.01.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരൻ ഇതിനു മുമ്പും ഇലക്ട്രിക്ക് പോസ്റ്റുമായി ബന്ധപ്പെട്ട ചോദ്യം ചോദിച്ചിരുന്നു എന്നും അതിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരാതി നൽകിയിരുന്നെന്നും ആയതിന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ശ്രീമതി. പി.ആർ. ശ്രീലത മുമ്പാകെ പരാതിക്കാരനും എതിർകക്ഷിയും നേരിട്ട് ഹാജരായി എന്നും ടി വിഷയത്തിൽ സംസ്ഥാന വിവരാവകാശ കമ്മീ

ഷണർ ശ്രീമതി. പി.ആർ. ശ്രീലത 21.03.2019 ൽ സ്കൂളിൽ നേരിട്ട് എത്തി ഇലക്ട്രിക്ക് പോസ്റ്റുള്ള ഭാഗം സന്ദർശിച്ചുവെന്നും വിവരങ്ങൾ പരാതിക്കാരന് നേരിട്ട് നൽകാമെന്ന് അറിയിച്ചെന്നും ആയതിനാലാണ് പരാതിക്കാരൻ വീണ്ടും ഇലക്ട്രിക്ക് പോസ്റ്റുമായി ബന്ധപ്പെട്ട് ചോദ്യം ആവർത്തിച്ചപ്പോൾ ആണ്ടിയാന്റെ അപേക്ഷയിലെ 10-ാമത്തെ ചോദ്യത്തിന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ശ്രീമതി. പി.ആർ. ശ്രീലത 21.03.2019 ൽ സ്കൂളിലെത്തി പരിശോധന നടത്തിയിരുന്നു എന്നൊരു മറുപടി നൽകിയതെന്നുമാണ്. എതിർകക്ഷി 2015 ലാണ് ടി സ്കൂളിൽ ചാർജ്ജ് എടുത്തതെന്നും 2010 ന് മുമ്പാണ് ഇലക്ട്രിക്ക് പോസ്റ്റ് ഇട്ടതെന്നും ടി പോസ്റ്റിനെ കുറിച്ച് മറ്റാരിൽനിന്നും ഇതുവരെ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ലെന്നും പരാതിക്കാരൻ ഇതേ വിവരങ്ങൾ ചോദിച്ചുകൊണ്ട് വീണ്ടും വീണ്ടും അപേക്ഷ നൽകികൊണ്ടിരിക്കുകയാണെന്നും എതിർകക്ഷിയുടെ റിപ്പോർട്ടിൽ പറയുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നു. എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ പരാതി ഹർജി നൽകിയിരിക്കുന്നത്. 08.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ പരാതിക്കാരൻ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. ഇലക്ട്രിക്ക് പോസ്റ്റുമായി ബന്ധപ്പെട്ട് ടിയാന്റെ ധാരാളം ചോദ്യങ്ങൾ വന്നിരുന്നുവെന്നും മുനിസിപ്പാലിറ്റിയുടെ അനുമതിയോടുകൂടിയാണ് കെ.എസ്.ഇ.ബി ഇലക്ട്രിക്ക് പോസ്റ്റ് ഇട്ടതെന്നും സ്കൂൾ കോമ്പൗണ്ടിൽ നിന്നും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് അപേക്ഷ ഇതുവരെ നൽകിയിട്ടില്ലെന്നും ആയത് മാറ്റുന്നതിനുള്ള അപേക്ഷ ഉടനെ നൽകാം എന്നും ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷി അറിയിച്ചിട്ടുള്ളതാണ്. പരാതിക്കാരൻ സ്കൂൾ പ്രവർത്തനത്തിന് നിരന്തരമായി തടസ്സം വരുന്ന വിധത്തിൽ പരാതികൾ നൽകികൊണ്ടിരിക്കുകയാണെന്നും എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നു. ഈ വിവരാവകാശ അപേക്ഷയുടെ ഹിയറിംഗ് ആദ്യം 08.10.2021 ൽ കമ്മീഷൻ നിശ്ചയിച്ചറിയിച്ചിരുന്നതും ഹർജികക്ഷി കിടപ്പായതിനാൽ മാറ്റിവച്ചു തരണമെന്ന് കമ്മീഷനോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഹിയറിംഗ്

08.11.2021 ലേക്ക് മാറ്റി വച്ചറിയിച്ചിരുന്ന അറിയിപ്പിന് യാതൊരുവിധ വിവരമോ അസൗകര്യമോ അറിയിക്കുകയോ, ഹാജരാക്കുകയോ ഹർജികക്ഷി ചെയ്തിട്ടില്ല. ഈ പ്രവണത ശരിയല്ല എന്ന് കമ്മീഷൻ ഹർജികക്ഷിയെ ഓർമ്മിപ്പിക്കുന്നു. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുകയും കൂടാതെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിനുള്ള അപേക്ഷ ഉടനെ നൽകാം എന്ന് ഹിയറിംഗിൽ വേളയിൽ പങ്കെടുത്ത എതിർകക്ഷി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm